**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2316** **30-07-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷകേരളം പദ്ധതി മുഖേന മത്സ്യകൃഷിയിൽ ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയതു വഴി കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ മത്സ്യകൃഷി യിലൂടെയുള്ള മത്സ്യോൽപാദനം 25,087 മെട്രിക് ടണ്ണിൽ നിന്നും 34,987 മെട്രിക് ടണ്ണായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഉല്പാദിപ്പിക്കുന്ന മത്സ്യം വിറ്റഴിക്കാൻ പ്രയാസം നേരിടുന്നുവെന്ന പരാതി പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | ഉൽപാദിപ്പിക്കുന്ന മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത 47 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജക മണ്ഡലങ്ങളിലായി ആകെ 53 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ